പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്ന മിട്ട ചോദ്യം നമ്പർ: 90

12.12.2012 ൽ മറുപടിയ്ക്ക്

## ഔഷധ വില നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :<br>ശ്രീ. എളമരം കരീം :<br>ശ്രീ. ബാബു എം. പാലിശ്ശേരി :<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള ഔഷധങ്ങളുടെ വില ക്രമാതീതമായി ഉയരുന്നതിന്റെ കാരണം പരിശോധിച്ചിട്ടു ണ്ടോ ; | (എ) & (ബി) മരുന്ന് ഉല്പാദിപ്പിക്കുന്ന സംസ്ഥാനത്തെ പണിക്കൂലി, വൈദ്യുതി നിരക്ക്, നിർമ്മാണ ഉപകരണങ്ങളുടെ സ്റ്റാൻഡേർഡ്സ് , അസംസ്കൃത വസ്തുക്കളുടെ വില, പാക്കിംഗ് ചെലവ്, ഗതാഗത നിരക്കുകൾ, നികുതി, ഉല്പാദക തീരുവ എന്നിവയനുസരിച്ചാണ് മരുന്ന വില നിർണ്ണയിക്കപ്പെടുന്നത്.<br><br>രാജ്യത്ത് മരുന്ന വില നിയന്ത്രിക്കുന്നത് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി (NPPA) ആണ്. 74 ഇനം മരുന്നുകളുടെ വില മാത്രമാണ് NPPA നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ നിർമ്മാണ കമ്പനികൾ ശേഷിച്ച മരുന്നുകൾക്ക് വിലനിശ്ചയിക്കുന്നു. മരുന്നുവില നിയന്ത്രിക്കുന്നത് സംസ്ഥാന സർക്കാരല്ല. എന്നാൽ ഏതെങ്കിലും ഒരു നിർമ്മാതാവ് മറ്റുള്ള കമ്പനികളേക്കാൾ വളരെയധികം വില ഈടാക്കുന്നതായി കണ്ടാൽ ഇത് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉടൻ തന്നെ എൻ.പി.പി.എ യുടെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. |
| (ബി) ഈ പ്രശ്നം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | |
| (സി)ഈ സാഹചര്യത്തിൽ കെ.എസ്.ഡി.പി.യെ സഹായിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടു ണ്ടോ ? | (സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മരുന്ന നൽകുമ്പോൾ കെ.എസ്.ഡി.പി യ്ക്ക് 15% പ്രൈസ് പ്രിഫറൻസ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ടെൻഡർ വഴി ലഭ്യമാകാത്ത എല്ലാ മരുന്നുകളും സപ്ലൈ ചെയ്യാനുള്ള അവസരവും കെ.എസ്.ഡി.പി യ്ക്ക് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ